29. 05. 2015

# സമഗ്ര ആരോഗ്യ പദ്ധതി

## ആരോഗ്യ കേരളം പുരസ്കാരം 2014–15

### 1. ആമുഖം

ആരോഗ്യവകുപ്പിന്റെയും ദേശീയ ആരോഗ്യ ദൗത്യത്തിന്റെയും പങ്കാളിത്തത്തോടെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ 2012–13 ൽ ആവിഷ്കരിച്ച് നടപ്പിലാക്കിയ സമഗ്ര ആരോഗ്യ പദ്ധതി കേരളത്തിലെ ആരോഗ്യ രംഗത്ത് വൻ കുതിച്ചു ചാട്ടത്തിന് വഴിയൊരുക്കുകയുണ്ടായി. സമഗ്ര ആരോഗ്യ പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി 2012 –13 ൽ 209 കോടി രൂപയുടേയും , 2013–14 ൽ 309 കോടി രൂപയുടേയും, 2014–15 ൽ 385 കോടി രൂപയുടേയും പദ്ധതികൾ ആരോഗ്യ മേഖലയിൽ ഉൾപ്പെടുത്തി തദ്ദേശഭരണസ്ഥാപനങ്ങൾ നടപ്പാക്കുകയുണ്ടായി.

### 2. ആരോഗ്യകേരളം പുരസ്കാരം 2012–13, 2013–14

ആരോഗ്യമേഖലയിൽ മികച്ച പ്രവർത്തനങ്ങൾ നടത്തിയ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് **ആരോഗ്യകേരളം പുരസ്കാരം** നൽകുന്നതിന് കേരള സർക്കാർ തീരുമാനിക്കുകയും അതുപ്രകാരം 2012–13 ലും 2013–14 ലും മികച്ച തദ്ദേശഭരണ സ്ഥാപനങ്ങളെ തിരഞ്ഞെടുത്ത് പുരസ്കാരങ്ങൾ നൽകുകയും ചെയ്തു. ബഹു. മുഖ്യമന്ത്രി ശ്രീ ഉമ്മൻചാണ്ടി, ആരോഗ്യ വകുപ്പ് മന്ത്രി ശ്രീ. വി എസ് ശിവകുമാർ പഞ്ചായത്ത് വകുപ്പ് മന്ത്രി ഡോ. എം . കെ . മുനീർ, ഗ്രാമവികസന വകുപ്പ് മന്ത്രി ശ്രീ കെ. സി .ജോസഫ്, നഗരകാര്യ വികസന വകുപ്പ് മന്ത്രി ശ്രീ. മഞ്ഞളാംകുഴി അലി തുടങ്ങിയ പ്രമുഖരുടെ സാന്നിധ്യത്തിലാണ് അവാർഡ് വിതരണം നടത്തിയത്.

### 3. ആരോഗ്യകേരളം പുരസ്കാരം 2014–15

2014–15 ലെ ആരോഗ്യകേരളം പുരസ്കാരത്തിന് തദ്ദേശഭരണ സ്ഥാപനങ്ങളെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങളും രീതി സമ്പ്രദായവും വിശദമായി ചർച്ച ചെയ്ത് തീരുമാനിക്കുന്നതിനായി 2015 മെയ് 7–ാം തീയതി ദേശീയ ആരോഗ്യ ദൗത്യത്തിന്റെ സംസ്ഥാന ആസ്ഥാനത്ത് വച്ച് ഒരു ശിൽപശാല സംഘടിപ്പിക്കുകയുണ്ടായി. സ്റ്റേറ്റ് മിഷൻ ഡയറക്ടർ ശ്രീ. മിൻഹാജ് ആലം ഐ.എ എസ്, ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ. എൻ ശ്രീധർ എന്നിവർക്ക് പുറമേ താഴെ പറയുന്നവരും പ്രവസ്തുത ശില്പശാലയിൽ പങ്കെടുക്കുകയുണ്ടായി.

1. ഡോ. ബി ശ്രീലത, Additional Director, Public Health

2. ഡോ ബിപിൻ ഗോപാൽ, State Nodal Officer NCD & Asst. DHS
3. ഡോ. രാജ്കുമാർ, State Mass Education & Media Officer
4. ഡോ.എസ്. സജിത്കുമാർ, Asst. Nodal Officer, CHP, Associate Prof.MCH Alapuzha
5. ഡോ. പ്രദീപ് കുമാർ, Rtd. Additional Director, Public Health.
6. ഡോ. സന്തോഷ്, Consultant Radio Health NHM
7. ശ്രീ. കെ ഗോപാലകൃഷ്ണൻ, Extn.Faculty,KILA
8. ശ്രീ.അബ്ദുൾ ബഷീർ,Team Leader (GP), IKM
9. ശ്രീ. അനീഷ്. എ , Project Manager , Sulekha, IKM ,
10. ശ്രീ. ഗോപകുമാർ, State Demographer, NHM
11. ശ്രീ. വി വി. രാമചന്ദ്രൻ, Head, Social Development , NHM
12. ശ്രീ. മനു. എം, Jr. Consultant , NHM
13. ശ്രീ സിബി അഗസ്റ്റിൻ,HS, CHC Kumarakam, Kottayam
14. ശ്രീ. കെ കെ. ചന്ദ്രൻ, HI, PHC, Keezhatingal, Tvm
15. ശ്രീ. റാഫി, JHI, PHC, Chandanapally , Pathanamthitta
16. ശ്രീമതി. മഞ്ചു. വി ഹരി, DEO, NRHM

**4. <u>ആരോഗ്യ കേരള പുരസ്കാരം – മാർഗ്ഗരേഖ</u>**

ആരോഗ്യകേരളം പുരസ്കാരത്തിന് തദ്ദേശഭരണ സ്ഥാപനങ്ങളെ തിരഞ്ഞെടുക്കുന്നതിന് മുൻ വർഷം സ്വീകരിച്ച മാനദണ്ഡങ്ങളും രീതി സമ്പ്രദായവും ശില്പശാലയിൽ വിശദമായി ചർച്ച ചെയതു. ശില്പശാലയിൽ ഉണ്ടായ ചർച്ചകളും നിർദ്ദേശങ്ങളും പരിഗണിച്ച് 2014–15 വർഷത്തേക്കുള്ള മാനദണ്ഡങ്ങളും രീതി സമ്പ്രദായവും തീരുമാനിക്കുകയും അതിൻ പ്രകാരം 2014–15 ലെ ***ആരോഗ്യ കേരള പുരസ്കാര***ത്തിന് തദ്ദേശ ഭരണ സ്ഥാപനങ്ങളെ തിരഞ്ഞെടുക്കുന്നതിനുള്ള വിശദമായ മാർഗ്ഗരേഖ തയ്യാറാക്കുകയും ചെയ്തു. അപ്രകാരം തയ്യാറാക്കിയ മാർഗ്ഗരേഖ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

# സമഗ്ര ആരോഗ്യ പദ്ധതി

# ആരോഗ്യകേരളം പുരസ്കാരം 2014–15

## മികച്ച തദ്ദേശഭരണ സ്ഥാപനങ്ങളെ തിരഞ്ഞെടുക്കുന്നതിനുള്ള മാർഗരേഖ

### 1. പുരസ്കാരങ്ങൾ

2014–15 വർഷത്തിൽ ആരോഗ്യമേഖലയിൽ മികച്ച പ്രവർത്തനം കാഴ്ചവച്ച തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് താഴെ പറയും പ്രകാരം പുരസ്കാരങ്ങൾ നൽകുന്നതാണ്

- **സംസ്ഥാനതല പുരസ്കാരങ്ങൾ**
  - സംസ്ഥാനതലത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്ന മികച്ച ഗ്രാമപഞ്ചായത്തുകൾക്ക്
  - സംസ്ഥാനതലത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്ന മികച്ച ബ്ലോക്ക് പഞ്ചായത്തുകൾക്ക്
  - സംസ്ഥാനതലത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്ന മികച്ച ജില്ലാപഞ്ചായത്തുകൾക്ക്
  - സംസ്ഥാനതലത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്ന മികച്ച മുനിസിപ്പാലിറ്റികൾക്ക്
  - സംസ്ഥാനതലത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടുന്ന മികച്ച മുനിസിപ്പൽ കോർപ്പറേഷനുകൾക്ക്

- **ജില്ലാതല പുരസ്കാരങ്ങൾ**

  ജില്ലയിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്ന മികച്ച ഗ്രാമപഞ്ചായത്തുകൾക്ക്

### 2. ഗ്രാമപഞ്ചായത്തുകൾ ഒഴികെയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ തിരഞ്ഞെടുക്കുന്ന രീതി

*(പുരസ്കാരത്തിനായി ഗ്രാമപഞ്ചായത്തുകളെ തിരഞ്ഞെടുക്കുന്ന രീതി ഖണ്ഡിക 8 നൽകിയിരിക്കുന്നു)*

നാല് ഘട്ടങ്ങളിലൂടെ നടത്തുന്ന വിലയിരുത്തലിലൂടെയായിരിക്കും മികച്ച തദ്ദേശ ഭരണസ്ഥാപനങ്ങളെ പുരസ്കാരത്തിനായി തിരഞ്ഞെടുക്കുന്നത്.

## ഘട്ടം-1: പ്രാഥമികമുൻഗണനാപട്ടിക തയ്യാറാക്കൽ (ഗ്രാമപഞ്ചായത്തുകൾ ഒഴികെ)

പുരസ്കാരം നൽകുന്നതിനായി പരിഗണിക്കാവുന്ന ഓരോ വിഭാഗം തദ്ദേശഭരണസ്ഥാപനങ്ങളുടേയും പ്രാഥമികമുൻഗണനാ പട്ടിക ഒന്നാംഘട്ടത്തിൽ തയ്യാറാക്കുന്നു. താഴെപറയുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലായിരിക്കും പ്രാഥമിക മുൻഗണനാപട്ടിക തയ്യാറാക്കുന്നത്

- നിർബന്ധമായും ഫണ്ട് വകയിരുത്തണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുള്ള സാന്ത്വനപരിചരണ (Pain and Palliative Care) പരിപാടിക്കുവേണ്ടിയുള്ള പ്രോജക്ട് 2014 –15 പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കണം (ബ്ലോക്ക്- ജില്ലാപഞ്ചായത്തുകൾക്ക് ഇത് ബാധകമായിരിക്കുന്നതല്ല)
- തദ്ദേശഭരണ സ്ഥാപനത്തിന്റെ 2014-15 വാർഷിക പദ്ധതിയിൽ ആരോഗ്യ മേഖലക്ക് ആകെ വകയിരുത്തിയ തുകയുടെ കുറഞ്ഞത് 60% തുക 2015 മാർച്ച് 31 നകം ചിലവഴിച്ചിരിക്കണം.

- മേൽപറഞ്ഞ രണ്ട് നിബന്ധനകളും പാലിച്ചിട്ടുള്ള തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഏറ്റവും കൂടുതൽ ശതമാനം ഫണ്ട് (പൊതുവിഭാഗം വികസനഫണ്ട്, എസ്.സി.പി. ഫണ്ട്, ടി.എസ്.പി. ഫണ്ട്, നോൺ റോഡ് മെയ്ന്റനൻസ് ഫണ്ട് എന്നിവയുടെ) ആരോഗ്യമേഖലക്ക് വകയിരുത്തുകയും ഇപ്രകാരം വകയിരുത്തിയതിൽ ഏറ്റവും കൂടുതൽ ശതമാനം ഫണ്ട് 2015 മാർച്ച് 31 നകം വിനിയോഗിക്കുകയും ചെയ്തതിൽ ഏറ്റവും മുൻപന്തിയിൽ നില്ക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങളെയായിരിക്കും ഓരോ വിഭാഗത്തിലും പ്രാഥമിക മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നത് (പ്രത്യേക മൂല്യ നിർണയ സങ്കേതം ഉപയോഗിച്ചായിരിക്കും പ്രാഥ മിക മുൻഗണനാപട്ടിക തയ്യാറാക്കുന്നത്).

**പ്രാഥമിക മുൻഗണനാപട്ടികയിൽ ഉൾപ്പെടുത്തേണ്ട തദ്ദേശഭരണ സ്ഥാപനങ്ങളുടെ എണ്ണം താഴെപറയും പ്രകാരം നിജപ്പെടുത്തിയിരിക്കുന്നു.**

| ക്രമ നമ്പർ | തദ്ദേശഭരണ സ്ഥാപനം | നിജപ്പെടുത്തിയിട്ടുള്ള എണ്ണവും തലവും |
|---|---|---|
| 1 | ബ്ലോക്ക് പഞ്ചായത്ത് | സംസ്ഥാനതലത്തിൽ 12 എണ്ണം |
| 2 | ജില്ലാ പഞ്ചായത്ത് | സംസ്ഥാനതലത്തിൽ 7 എണ്ണം |
| 3 | മുനിസിപ്പാലിറ്റി | സംസ്ഥാനതലത്തിൽ 10 എണ്ണം |
| 4 | മുനിസിപ്പൽ കോർപ്പറേഷൻ | സംസ്ഥാനതലത്തിൽ 5 എണ്ണം |

- *സുലേഖ, സാംഖ്യ സോഫ്ട്വെയറുകളുടെ സഹായത്തോടെയായിരിക്കും മേൽപ്പറഞ്ഞപ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രാഥമിക മുൻഗണനാപട്ടിക തയ്യാറാക്കുക*

## ഘട്ടം 2: മികച്ച തദ്ദേശഭരണ സ്ഥാപനങ്ങളുടെ മുൻഗണനാപട്ടിക തയ്യാറാക്കൽ

- ➢ പ്രാഥമികപട്ടികയിൽ ഉൾപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആരോഗ്യമേഖലയിലേയും ആരോഗ്യ അനുബന്ധമേഖലകളിലെയും പ്രവർത്തനങ്ങൾ വിലയിരുത്തി, അതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകൾ ഒഴികെയുള്ള നാല് വിഭാഗത്തിന്റെയും സംസ്ഥാനതല മുൻഗണനാലിസ്റ്റ് തയ്യാറാക്കുകയാണ് രണ്ടാം ഘട്ടത്തിൽ ചെയ്യുന്നത്.
- ➢ പദ്ധതിയുടെ ഭാഗമായും അല്ലാതെയും ആരോഗ്യമേഖലയിലും ആരോഗ്യവുമായി ബന്ധപ്പെട്ട മറ്റ് മേഖലകളിലും നടത്തിയ പ്രവർത്തനങ്ങൾക്ക് മുൻകൂട്ടി നിശ്ചയിച്ച നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നൽകുന്നതായിരിക്കും
- ➢ വിവിധ കമ്പ്യൂട്ടർ സോഫ്റ്റ്വയറുകളുടെ സഹായത്തോടെ സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ശേഖരിക്കപ്പെട്ടിട്ടുള്ള സ്ഥിതിവിവരകണക്കുകളെ അടിസ്ഥാനമാക്കി, മുൻകൂട്ടി നിശ്ചയിച്ച നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മാർക്കുകൾ നൽകിയായിരിക്കും മുൻഗണനാലിസ്റ്റ് തയ്യാറാക്കുക.

- ▪ മുൻഗണനാലിസ്റ്റിൽ ഉൾപ്പെട്ട മുഴുവൻ തദ്ദേശ ഭരണ സ്ഥാപനങ്ങളിൽനിന്നും വിവരങ്ങൾ ശേഖരിക്കുന്നതിനുവേണ്ടിയുള്ള ഫോറം Sulekha Software ൽ ലഭ്യമാക്കുന്നതാണ്. അതത് തദ്ദേശഭരണസ്ഥാപന സെക്രട്ടറിയുടെ login ഉപയോഗിച്ച് Sulekha Software (വെബ് സൈറ്റ്: www.plan.lsgkerala.gov.in) ലെ 'nhm award' menu മുഖേന 2015 ജൂലൈ 2 നകം വിവരങ്ങൾ പ്രസ്തുത ഫോറത്തിൽ സമർപ്പിക്കേണ്ടതാണ്. (ജൂൺ 23 മുതൽ വിവരങ്ങൾ സമർപ്പിക്കാൻ കഴിയുന്നതാണ്.)
- ▪ നിശ്ചിത സമയത്തിനകം വിവരങ്ങൾ സമർപ്പിക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങളെ മാത്രമേ പുരസ്കാരത്തിനായി തുടർന്നുള്ള ഘട്ടങ്ങളിൽ പരിഗണിക്കുകയുള്ളൂ.

## 3. മുൻഗണനാപട്ടിക തയ്യാറാക്കൽ – മാനദണ്ഡങ്ങളും മാർക്കും

താഴെപറയുന്ന മാനദണ്ഡങ്ങളും മാർക്കും അടിസ്ഥാനമാക്കിയായിരിക്കും മുൻഗണനാലിസ്റ്റ് തയ്യാറാക്കുക

### 1. വികസനഫണ്ട് വകയിരുത്തൽ – പരമാവധി 10 മാർക്ക്

2014–15 ൽ തദ്ദേശഭരണ സ്ഥാപനത്തിന്, ക്യാരി ഓവർ തുക കണക്കാക്കാതെ, ആകെ ലഭിച്ച വികസന ഫണ്ടിൽ (ജനറൽ, SCP, TSP, 13 ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്, ലോകബാങ്ക് സഹായം, പ്രത്യേക ഗ്രാന്റ് എന്നിവയെല്ലാം ചേർന്ന തുക) നിന്ന് ആരോഗ്യമേഖലക്ക് വകയിരുത്തിയ (2014–15 ലെ പുതിയ പ്രോജക്ടുകൾക്ക് വേണ്ടി) ഓരോ ഒരു ശതമാനം തുകക്കും 1/2 മാർക്ക് വീതം നൽകുന്നു (പരമാവധി 10 മാർക്ക്). നാലാം ഘട്ടത്തിൽ തുല്യമാർക്ക് വരുന്ന സന്ദർഭത്തിൽ തുല്യത ഒഴിവാക്കാൻ വേണ്ടി മാത്രം 20 ശതമാനത്തിനു മുകളിലുള്ള ഓരോ ഒരു ശതമാനത്തിനും 1/4 മാർക്ക് വീതം നൽകുന്നതാണ് (പരമാവധി 4 മാർക്ക്)

### 2. നോൺറോഡ് മെയ്ന്റനൻസ് ഫണ്ട് വകയിരുത്തൽ – പരമാവധി 5 മാർക്ക്

2014–15 ൽ ലഭിച്ച നോൺ റോഡ് മെയ്ന്റനൻസ് ഫണ്ടിൽ (ക്യാരി ഓവർ തുക കണക്കാക്കാതെ) നിന്നും ആരോഗ്യമേഖലക്ക് വകയിരുത്തിയ (2014–15 ലെ പുതിയ പ്രോജക്ടുകൾക്ക്) ഓരോ ഒരു ശതമാനത്തിനും 1/4 മാർക്ക് വീതം നൽകുന്നതാണ് (പരമാവധി 5 മാർക്ക്). നാലാംഘട്ടത്തിൽ തുല്യമാർക്ക് വന്നാൽ 20 ശതമാനത്തിന് മുകളിലുള്ള ഓരോ ഒരു ശതമാനത്തിനും 1/8 മാർക്ക് വീതം നൽകുന്നതാണ് (പരമാവധി 4 മാർക്ക്)

**3. തനത് ഫണ്ട് വകയിരുത്തൽ – പരമാവധി 5 മാർക്ക്**

2014–15 വാർഷിക പദ്ധതിയിൽ പുതിയ പ്രോജക്ടുകൾക്ക് വേണ്ടി വകയിരുത്തിയ ആകെ തനത് ഫണ്ടിൽ നിന്ന് ആരോഗ്യമേഖലയിൽ 2014–15 ലെ പുതിയ പ്രോജക്ടുകൾക്കായി വകയിരുത്തിയ ഓരോ ഒരു ശതമാനത്തിനും 1/4 മാർക്ക് വീതം നൽകുന്നതാണ് (പരമാവധി 5 മാർക്ക്)

**4. വകയിരുത്തിയ ഫണ്ടിന്റെ വിനിയോഗം – പരമാവധി 20 മാർക്ക്**

2014–15 വാർഷിക പദ്ധതിയിൽ ആരോഗ്യമേഖലയിലെ സ്പിൽ ഓവർ ഉൾപ്പെടെയുള്ള പ്രോജക്ടുകൾക്ക് വകയിരുത്തിയതിൽ 2015 മാർച്ച് 31 നകം വിനിയോഗിച്ച ഓരോ ഒരു ശതമാനത്തിനും 1/5 മാർക്ക് വീതം നൽകുന്നതാണ്.

- *മേൽപറഞ്ഞ 4 ഇനങ്ങൾക്കും മാർക്ക് നിശ്ചയിക്കുന്നത് ഐ.കെ.എം സോഫ്ട്വെയറിൽ നിന്ന് ലഭിക്കുന്ന സ്ഥിതി വിവര കണക്കുകളുടെ അടിസ്ഥാനത്തിലായിരിക്കുന്നതാണ്.*

**5. പ്രതിരോധ കുത്തിവെയ്പ് – പരമാവധി 5 മാർക്ക്**

2013 ഏപ്രിൽ ഒന്നിനും 2014 മാർച്ച് 31 നും ഇടക്ക് ജനിച്ച കുഞ്ഞുങ്ങൾക്ക് 2015 മെയ് 31 വരെയുള്ള കാലയളവിൽ എടുക്കേണ്ടതായ മുഴുവൻ പ്രതിരോധ കുത്തിവയ്പുകളും എത്ര ശതമാനം കുഞ്ഞുങ്ങൾക്ക് എടുത്തിട്ടുണ്ട് എന്നതിന്റെ അടിസ്ഥാനത്തിൽ താഴെപറയും പ്രകാരം മാർക്ക് നൽകുന്നതാണ്.

| പ്രതിരോധകുത്തിവയ്പ് | മാർക്ക് | പ്രതിരോധകുത്തി വയ്പ് | മാർക്ക് |
|---|---|---|---|
| 60–69 % | 1 | 50–59% | മൈനസ് 1 |
| 70–79% | 2 | 40–49% | മൈനസ് 2 |
| 80–89% | 3 | 30–39% | മൈനസ് 3 |
| 90–99% | 4 | 20–29% | മൈനസ് 4 |
| 100% | 5 | 20% ൽ താഴെ | മൈനസ് 5 |

- *എം. സി. ടി. എസ്. സോഫ്ട് വെയറിൽ നിന്നും ലഭിക്കുന്ന സ്ഥിതിവിവരകണക്കുകൾ അടിസ്ഥാനമാക്കിയായിരിക്കും മേൽപ്പറഞ്ഞ ഇനത്തിന് മാർക്ക് നൽകുന്നത്.*

## 6. പകർച്ചവ്യാധി നിയന്ത്രണം – പരമാവധി 15 മാർക്ക്

### 6.1 പകർച്ച വ്യാധി നിയന്ത്രണ പ്രവർത്തനങ്ങൾ – പരമാവധി 4 മാർക്ക്

| ക്രമ നമ്പർ | ഇനം | പ്രവർത്തനങ്ങൾ | മാർക്ക് |
|---|---|---|---|
| 1 | വെക്ടർമാപ്പിംഗ് | 1. നിർദ്ദേശിക്കപ്പെട്ടിട്ടുള്ള രീതിയിൽ വെക്ടർമാപ്പിംഗ് നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. (വെക്ടർമാപ്പിംഗ് നടത്തിയിട്ടില്ല എങ്കിൽ പൂജ്യം മാർക്ക്) | 1 |
| 2 | ഗപ്പി ഹാച്ചറി,മത്സ്യങ്ങൾ | 1. ആരോഗ്യ കേന്ദ്രത്തിലോ ഉപകേന്ദ്രങ്ങളിലോ ഗപ്പി ഹാച്ചറിയും അതിൽ മത്സ്യങ്ങളും ഉണ്ട് (മത്സ്യങ്ങൾ ഇല്ല /ഹാച്ചറി ഇല്ല എങ്കിൽ പൂജ്യം മാർക്ക്) | 1 |
| 3 | വെക്ടർ സ്റ്റഡീ റിപ്പോർട്ട് | 1. 2014–15 ൽ, ജില്ലയിലേക്ക് അയക്കേണ്ടതിന്റെ 80% ത്തിൽ അധികം അയച്ചിട്ടുണ്ട് | 1 |
| | | 2. 2014–15 ൽ, അയക്കേണ്ടതിന്റെ 50 – 80% അയച്ചിട്ടുണ്ട് | 1/2 |
| | | 3. 2014–15 ൽ, 50% ൽ താഴെ അയച്ചിട്ടുണ്ട്/അയച്ചിട്ടില്ല | 0 |
| 4 | ഐ ഡി എസ് പി റിവ്യൂ യോഗങ്ങളും, റിപ്പോർട്ടിംഗും | 1. 2014–15 ൽ, 80% ത്തിൽ അധികം യോഗങ്ങൾ നടന്നു | 1 |
| | | 2. 2014–15 ൽ, 50 – 80% യോഗങ്ങൾ നടന്നു | 1/2 |
| | | 3. 2014–15 ൽ, 50% ൽ താഴെ/ ഇല്ല | 0 |

- *മുകളിൽ പറഞ്ഞ നാല് ഇനത്തിനും മാർക്ക് നൽകുന്നത് ഫീൽഡ്പരിശോധനാ ടീം ആയിരിക്കുന്നതാണ്. അതിനായി മുകളിൽ പറഞ്ഞ 3 കാര്യങ്ങൾ(ക്രമനമ്പർ 1,3,4) നടന്നു എന്ന് തെളിയിക്കുന്നതിനാവശ്യമായ രേഖകൾ (ഒറിജിനലും പകർപ്പുകളും) തദ്ദേശഭരണ സ്ഥാപനം പരിശോധനാ ടീമിന് സമർപ്പിക്കേണ്ടതാണ്. പരിശോധനടീം അവ പരിശോധിച്ച് വിലയിരുത്തൽ ഫോറത്തിൽ കണക്കുകൾ രേഖപ്പെടുത്തിയ ശേഷം ഒറിജിനൽ രേഖകൾ തദ്ദേശഭരണ സ്ഥാപനത്തിന് തിരിച്ച് നൽകേണ്ടതും പകർപ്പുകൾ സംസ്ഥാനതല കോർടീമിന് നൽകേണ്ടതുമാണ്. ഫീൽഡ്പരിശോധനാ ടീമിന് രേഖകൾ സമർപ്പിക്കാത്ത സംഗതികളിൽ മാർക്കുകൾ നൽകാൻ പാടില്ല.*

**6.2 ഡങ്കിപ്പനി, എലിപ്പനി, മലേറിയ, മഞ്ഞപ്പിത്തം, ക്ഷയം** എന്നീ പകർച്ച വ്യാധികളുടെ 2014 ലെ Prevalance Rate(No. of cases/population x 1000) കണക്കാക്കി താഴെപറയും പ്രകാരം മാർക്ക് നൽകുന്നു (പരമാവധി 10 മാർക്ക്).

| ക്രമ നമ്പർ | പകർച്ചവ്യാധി | പരമാവധി മാർക്ക്* |
|---|---|---|
| 1 | ഡങ്കിപ്പനി | 2 X (1 – പ്രിവിലൻസ് റേറ്റ്) |
| 2 | എലിപ്പനി | 2X (1 – പ്രിവിലൻസ് റേറ്റ്) |
| 3 | മലേറിയ | 2X (1 – പ്രിവിലൻസ് റേറ്റ്) |
| 4 | മഞ്ഞപ്പിത്തം | 2X (1 – പ്രിവിലൻസ് റേറ്റ്) |
| 5 | ക്ഷയം | 2X (1 – പ്രിവിലൻസ് റേറ്റ്) |

***പ്രിവിലൻസ് റേറ്റ് 1ൽ കൂടുതലായാൽ മൈനസ് മാർക്ക് ലഭിക്കുന്നതാണ്.**

- *ഐ.ഡി.എസ്.പി. സ്റ്റേറ്റ് സെല്ലിൽ നിന്നും ലഭിക്കുന്ന സ്ഥിതി വിവരകണക്കുകളെ അടിസ്ഥാനമാക്കിയായിരിക്കും മേൽപ്പറഞ്ഞ ഇനങ്ങൾക്ക് മാർക്ക് നൽകുന്നത്.*

**6.3 ക്ഷയരോഗ നിയന്ത്രണം – പരമാവധി 1 മാർക്ക്**

ടി.ബി. Default cases - TB rate (No. of default/Total No. of cases x 100) കണക്കാക്കി 1 X (1- default rate) എന്ന ഫോർമുലയുടെ അടിസ്ഥാനത്തിൽ പരമാവധി 1 മാർക്ക് നൽകുന്നതാണ്.

- *സ്റ്റേറ്റ് ടി.ബി. സെല്ലിൽ നിന്നും ലഭിക്കുന്ന സ്ഥിതിവിവരകണക്കുകളുടെ അടിസ്ഥാനത്തിലായിരിക്കും മാർക്ക് നൽകുന്നത്.*

**7. പകർച്ചേതരവ്യാധി നിയന്ത്രണം – പരമാവധി 4 മാർക്ക്**

30 വയസ്സിന് മുകളിൽ പ്രായമുള്ളവരിൽ എത്ര ശതമാനം പേരെ നാളിതുവരെ സ്ക്രീൻ ചെയ്തു എന്നതിന്റെ അടിസ്ഥാനത്തിലായിരിക്കും മാർക്ക് നൽകുന്നത്. 30 വയസ്സിന് മുകളിലുള്ള ജനസംഖ്യയുടെ സ്ക്രീൻ ചെയ്യപ്പെട്ട ഓരോ ശതമാനത്തിനും 0.04 മാർക്ക് വീതം നൽകുന്നതാണ്.

- *സ്റ്റേറ്റ് NCD നോഡൽ ഓഫീസിൽ നിന്നും ലഭിക്കുന്ന സ്ഥിതിവിവര കണക്കുകളുടെ അടിസ്ഥാനത്തിലായിരിക്കും മാർക്ക് നൽകുന്നത്.*

**8. ആരോഗ്യസ്ഥാപനങ്ങളുടെ അവസ്ഥ – പരമാവധി 5 മാർക്ക്**

തദ്ദേശഭരണ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള ഒരു അലോപ്പതി ആരോഗ്യസ്ഥാപനം പരിശോധനാ ടീം സന്ദർശിച്ച് (അലോപ്പതി ആരോഗ്യ സ്ഥാപനം തദ്ദേശഭരണസ്ഥാപന ത്തിന്റെ നിയന്ത്രണത്തിൽ ഇല്ലെങ്കിൽ ആയുർവേദ/ഹോമിയോപ്പതി ആരോഗ്യസ്ഥാപനം സന്ദർശിച്ച്) താഴെ പറയുന്ന ഓരോ ഇനവും പരിശോധിച്ച് വിലയിരുത്തുന്നു. വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ ഓരോ ഇനത്തിനും പരമാവധി 1/2 മാർക്ക് വീതം നൽകുന്നു.

- കെട്ടിടസൗകര്യം
- ചുറ്റുമതിൽ
- കുടിവെള്ളം
- രോഗികൾക്കുള്ള കാത്തിരിപ്പ് സൗകര്യം
- സ്വകാര്യതയുള്ള പരിശോധനാമുറികൾ
- ഖര, ദ്രവ മാലിന്യസംസ്കരണം
- സ്റ്റാഫിനുള്ള സൗകര്യങ്ങൾ

- ❖ വൃത്തി, ശുചിത്വം
- ❖ മരുന്ന് വിതരണം, ഉപകരണങ്ങളുടെ പ്രവർത്തനം
- ❖ ലബോറട്ടറി സൗകര്യം

**9. ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി പ്രവർത്തനം – പരമാവധി 2 മാർക്ക്**

- മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയ വരവ് ചെലവ് കണക്ക് പുസ്തകവും, ബാങ്ക് പാസ് ബുക്കും പരിശോധനാ ടീമിന് പരിശോധനക്കായി സമർപ്പിച്ചിട്ടുണ്ടായിരിക്കുക, വരവ് ചെലവ് കണക്കുകൾ ചിട്ടയായി എഴുതി സൂക്ഷിച്ചിട്ടുണ്ടെന്നും ചെലവുകൾ ആവശ്യമായതും നിയമാനുസൃതമാണെന്നും പരി ശോധനാ ടീമിന് ബോധ്യപ്പെടുക എന്നിവ ചെയ്താൽ പരമാവധി 1 മാർക്ക്
- എച്ച് എം സി യോഗങ്ങളുടെ എണ്ണം, യോഗങ്ങളിലെ ഹാജർ മിനിട്സ് തീരുമാനങ്ങൾ എന്നിവയുടെ രേഖപ്പെടുത്തൽ എന്നിവയുടെ രേഖകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരമാവധി 1 മാർക്ക്

- *മുകളിൽ പറഞ്ഞ രണ്ട് മാർക്ക് രേഖകൾ സൂക്ഷ്മമായി പരിശോധിച്ച് പരിശോധനാ ടീം നൽകുന്നതാണ് (രേഖകൾ പരിശോധനക്ക് ലഭിക്കാത്ത സംഗതികളിൽ മാർക്ക് നൽകാൻ പാടില്ല)*

**10. വാർഡ്തല ആരോഗ്യ-ശുചിത്വ-പോഷണ സമിതികളുടെ പ്രവർത്തനം -പരമാവധി 5 മാർക്ക്**

- ▪ മുഴുവൻ വാർഡ് സമിതികളുടേയും 2014-15 ലെ വരവ്-ചെലവ് സ്റ്റേറ്റ്മെന്റും ബാങ്ക് പാസ്ബുക്കിന്റെ പകർപ്പും ജില്ലാ പ്രോഗ്രാം മാനേജർക്ക് സമർപ്പിച്ച് സാക്ഷ്യപ്പെടുത്തി വാങ്ങിക്കുകയും, ആ രേഖകൾ പരിശോധനാടീമിന് നൽകുകയും അവയിലെ കണക്കുകൾ കൃത്യവും നിയമാനുസൃതവുമാണെന്ന് പരിശോധനാടീമിന് ബോധ്യപ്പെടുകയും ചെയ്താൽ പരമാവധി 1 മാർക്ക്
- ▪ വാർഡ് സമിതികളുടെ 2015 ഫെബ്രുവരി 28 വരെയുള്ള മൊത്തം ഫണ്ട് വിനിയോഗം 90 ശതമാനത്തിലധികമാണെങ്കിൽ 2 മാർക്ക്
- ▪ വാർഡ് സമിതികളുടെ 2015 ഫെബ്രുവരി 28 വരെയുള്ള മൊത്തം ഫണ്ട് വിനിയോഗം 80 - 90 ശതമാനം ആണെങ്കിൽ 1 മാർക്ക്
- ▪ മുഴുവൻ വാർഡുകളിലും മൈക്രോ പ്ലാൻ തയ്യാറാക്കുകയും അതുപ്രകാരം പ്രവർത്തനങ്ങൾ നടത്തുകയും, നടത്തിയ പ്രവർത്തനങ്ങൾ യഥാസമയം ജില്ലാ

പ്രോഗ്രാം മാനേജർക്ക് റിപ്പോർട്ട് ചെയ്യപ്പെടുകയും ചെയ്തിട്ടുണ്ടെങ്കിൽ പരമാവധി 1 മാർക്ക്

- വാർഡ്തല സമിതികളുടെ യോഗങ്ങൾ കൃത്യമായി ചേരുക, ഹാജർ മികച്ചതാകുക, തീരുമാനങ്ങൾ രേഖപ്പെടുത്തുക, തീരുമാനിച്ചപ്രകാരം പ്രവർത്തനങ്ങൾ നടത്തുക എന്നിവ ചെയ്തിട്ടുണ്ടെങ്കിൽ 1 മാർക്ക്

- *പരിശോധനാ ടീം രേഖകൾ പരിശോധിച്ച് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ 5 മാർക്ക് നൽകുന്നതാണ്. പരിശോധനാടീമിന് രേഖകൾ ലഭ്യമാക്കാത്ത തദ്ദേശഭരണ സ്ഥാപന ങ്ങൾക്ക് മാർക്ക് നൽകാൻ പാടില്ല. ഏതെല്ലാം രേഖകൾ പരിശോധനക്ക് ലഭ്യമായി എന്ന് പരിശോ ധനാ ടീം അവരുടെ റിപ്പോർട്ടിൽ രേഖപ്പെടുത്തേണ്ടതാണ്.*

## 11. ആരോഗ്യ വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം – പരമാവധി 1 മാർക്ക്

- 2014–15 വാർഷിക പദ്ധതി രൂപീകരണം, മോണിറ്ററിംഗ് എന്നിവയുമായി ബന്ധപ്പെട്ട് 50 ശതമാനത്തിൽ കൂടുതൽ ഹാജരുള്ള 5 ൽ കൂടുതൽ യോഗം ചേർന്നിട്ടുണ്ടെങ്കിൽ 1/2 മാർക്ക്
- ഹാജർ, മിനിട്സ് തീരുമാനങ്ങൾ എന്നിവ കൃത്യമായി രേഖപ്പെടുത്തുകയും, വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെ സജീവ പങ്കാളിത്തം പ്രവർത്തനങ്ങളിൽ ഉണ്ടാകുകയും ചെയ്തിട്ടുണ്ടെങ്കിൽ 1/2 മാർക്ക്

- *പരിശോധനാ ടീം രേഖകൾ പരിശോധിച്ചും, വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുമായി ആശയവിനിമയം നടത്തിയുമാണ് മേൽപ്പറഞ്ഞ ഇനങ്ങൾ വിലയിരുത്തേണ്ടത്. ഏതെല്ലാം രേഖകൾ പരിശോധനക്ക് ലഭ്യമായി എന്ന് പരിശോധനാ ടീം അവരുടെ റിപ്പോർട്ടിൽ രേഖപ്പെടുത്തേണ്ടതാണ്.*

## 12. അനുബന്ധ മേഖലകളിൽ 2014–15 ൽ നടത്തിയ പദ്ധതി (പ്രോജക്ട്) പ്രവർത്തനങ്ങൾ– പരമാവധി 14 മാർക്ക്

അനുബന്ധ മേഖലാ പ്രവർത്തനങ്ങൾക്ക് താഴെ പറയുംപ്രകാരം മാർക്ക് നൽകുന്നതാണ്. (2014 – 15 ലെ പുതിയ പ്രോജക്റ്റുകൾ മാത്രമേ പരിഗണിക്കുകയുള്ളൂ)

| ക്രമ നമ്പർ | വിഷയമേഖല | പ്രോജക്റ്റുകളുടെ പേര് | വകയിരുത്തിയ തുക | വിനിയോഗിച്ച തുക | പരമാവധി മാർക്ക് | |
|---|---|---|---|---|---|---|
| | | | | | പ്രോജക്ടിനുള്ള ഫണ്ട് വകയിരുത്തൽ, വിനിയോഗം,നിയമസാധുത | കാര്യക്ഷമത, ഫലപ്രാപ്തി,തുടർപ്രവർത്തനം |
| 1 | മാലിന്യപരിപാലനം–പൊതു സ്ഥാപനങ്ങളിൽ | | | | 0.25 | 0.75 |
| 2 | മാലിന്യപരിപാലനം – പൊതുസ്ഥലങ്ങളിൽ | | | | 0.25 | 0.75 |
| 3 | മൂത്രപ്പുര, ടോയ്‌ലറ്റ് സൗകര്യങ്ങൾ– | | | | 0.25 | 0.75 |

| | | | | | | |
|---|---|---|---|---|---|---|
| | പൊതുസ്ഥാപനങ്ങളിൽ | | | | | |
| 4 | മൂത്രപ്പുര, ടോയ്ലറ്റ് സൗകര്യങ്ങൾ– പൊതുസ്ഥലങ്ങളിൽ | | | | 0.25 | 0.75 |
| 5 | ബഡ്സ് സ്കൂൾ | | | | 0.25 | 0.75 |
| 6 | ബഡ്സ് റിഹാവിലിറ്റേഷൻ സെന്റർ | | | | 0.25 | 0.75 |
| 7 | ശാരീരിക മാനസിക വെല്ലുവിളികൾനേരിടുന്നവർക്കുള്ള മറ്റ് പരിപാടികൾ | | | | 0.25 | 0.75 |
| 8 | വയോജനങ്ങൾക്ക് വേണ്ടിയുള്ള പരിപാടികൾ | | | | 0.25 | 0.75 |
| 9 | എച്ച്.ഐ.വി/എയ്ഡ്സ് ബാധിതർക്കുള്ള പരിപാടികൾ | | | | 0.25 | 0.75 |
| 10 | കുടിയേറ്റത്തൊഴിലാളികൾക്ക് വേണ്ടിയുള്ള പരിപാടികൾ | | | | 0.25 | 0.75 |
| 11 | കായികക്ഷമതാ വർദ്ധനവിനുള്ള പരിപാടികൾ | | | | 0.25 | 0.75 |
| 12 | കുടിവെള്ളഗുണനിലവാരവർദ്ധനവിനുള്ളപരിപാടികൾ (ക്ലോറിനേഷൻ ഒഴികെ) | | | | 0.25 | 0.75 |
| 13 | പകർച്ച വ്യാധി നിയന്ത്രണ ശാക്തീകരണ പ്രവർത്തനങ്ങൾ | | | | 0.25 | 0.75 |
| 14 | ദേശീയആരോഗ്യപരിപാടിയുടെ ശാക്തീകരണ പ്രവർത്തനങ്ങൾ | | | | 0.25 | 0.75 |
| | **ആകെ** | | | | **3.5** | **10.5** |

- *മേൽപ്പറഞ്ഞ 14 ഇനങ്ങളുടെ പ്രോജക്ടിനുള്ള ഫണ്ട് വകയിരുത്തൽ, ഫണ്ട് വിനിയോഗം എന്നിവക്കുള്ള മാർക്ക്, സുലേഖ സോഫ്റ്റ് വെയറിൽ നിന്ന് ലഭിക്കുന്ന വിവരങ്ങളെ അടിസ്ഥാനമാക്കിയും, കൂടാതെ പ്രോജക്റ്റുകളുടെ നിയമസാധുത പരിശോധിച്ചും സ്റ്റേറ്റ് കോർ ടീം നൽകുന്നതാണ്. നടത്തിയ പ്രവർത്തനങ്ങളുടെ കാര്യക്ഷമത, ഫലപ്രാപ്തി, തുടർപ്രവർത്തനം എന്നിവ സുലേഖ സോഫ്റ്റ് വെയറിൽ നിന്ന് ലഭിക്കുന്ന വിവരങ്ങളെ അടിസ്ഥാനമാക്കി,പരിശോധനാ ടീം വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ(അതിനായി പ്രോജക്റ്റ് വിശദാംശങ്ങൾ സുലേഖ സോഫ്റ്റ് വെയറിൽ നിന്ന് ശേഖരിച്ച് പരിശോധനാ ടീമിന് നൽകുന്നതാണ്)നൽകുന്നതാണ്.*

## 13. അനുബന്ധ മേഖലകളിലെ മറ്റ് പ്രവർത്തനങ്ങൾ(പദ്ധതിയുടെ ഭാഗമല്ലാത്തവ) – പരമാവധി 5 മാർക്ക്

ആരോഗ്യപരിപാലനത്തിന് അനിവാര്യമായ താഴെപറയുന്ന പ്രവർത്തനങ്ങൾ 2014–15 പദ്ധതിയുടെ ഭാഗമല്ലാതെ തദ്ദേശഭരണസ്ഥാപനം നടത്തിയിട്ടുണ്ടെങ്കിൽ താഴെകൊടുത്ത പ്രകാരം മാർക്ക് നൽകുന്നതാണ്

| ക്രമ നമ്പർ | പ്രവർത്തനം | മാർക്ക് |
|---|---|---|
| 1 | പൊതു ശുചീകരണം (സ്ട്രീറ്റുകൾ, പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിൽ) | 1 മാർക്ക് (പരമാവധി) |
| 2 | പൊതുമാലിന്യ സംസ്കരണം (മാലിന്യ സംസ്കരണ പ്ലാന്റുകളുടെ നടത്തിപ്പ്, കാര്യക്ഷമത) | 1 മാർക്ക് (പരമാവധി) |
| 3 | പൊതു സ്ഥലങ്ങളിൽ മൂത്രപ്പുര/ടോയ്‌ലറ്റ് – നടത്തിപ്പ്, കാര്യക്ഷമത | 1 മാർക്ക് (പരമാവധി) |
| 4 | പൊതു ശ്മശാനം – ശേഷി , സ്ഥലത്തിന്റെ അനുയോജ്യത, സൗകര്യങ്ങൾ | 1 മാർക്ക് (പരമാവധി) |
| 5 | അറവ് ശാല – ശേഷി, പ്രവർത്തനക്ഷമത | 1 മാർക്ക് (പരമാവധി) |

- *മേൽപ്പറഞ്ഞ 5 ഇനങ്ങളുടെ മാർക്ക് പരിശോധനാ ടീം വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ നൽകുന്നതാണ്.*

### 14. പുകയില ഉല്പന്ന ഉപയോഗ നിയന്ത്രണ പ്രവർത്തനം – പരമാവധി 2മാർക്ക്

പുകയില ഉല്പന്ന ഉപയോഗ നിയന്ത്രണ പ്രവർത്തനങ്ങൾക്ക് താഴെ പറയുന്ന പ്രകാരം മാർക്ക് നൽകുന്നതാണ്.

| ക്രമ നമ്പർ | ഇനം | പ്രവർത്തനങ്ങൾ | മാർക്ക് |
|---|---|---|---|
| 1 | ചാർജ് ചെയ്ത കേസുകളുടെ എണ്ണം | 5 ൽ കൂടുതൽ | 1 |
| | | 1–5 | 1/2 |
| 2 | ഈടാക്കിയ പിഴ തുക (രൂപ) | 1000 ത്തിൽ കൂടുതൽ | 1 |
| | | 1000 ത്തിൽ താഴെ | 1/2 |

- *ഇത് സംബന്ധിച്ച രേഖകൾ പരിശോധിച്ച് പരിശോധനാടീം മാർക്ക് നൽകുന്നതാണ്. അതിനായി ഒറിജിനൽ രേഖകളോടൊപ്പം രേഖകളുടെ ഒരു പകർപ്പുകൂടി പരിശോധനാടീമിന് നൽകേണ്ടതാണ്. പകർപ്പുകൾ സംസ്ഥാനതല കോർടീമിന് പരിശോധനാടീം നൽകേണ്ടതാണ്.*

### 15. സവിശേഷ / നൂതന / പ്രത്യേക പ്രവർത്തനങ്ങൾ – പരമാവധി 2 മാർക്ക്

സവിശേഷ / നൂതന / പ്രത്യേക പ്രവർത്തനങ്ങൾ സംബന്ധിച്ച് തദ്ദേശഭരണ സ്ഥാപനം സമർപ്പിക്കുന്ന വിവരങ്ങൾ സംസ്ഥാന കോർ ടീം പരിശോധിക്കുകയും തുടർന്ന് ഫീൽഡ് പരിശോധനാ ടീമിന്റെ വിലയിരുത്തലിന് വിധേയമാക്കുകയും ചെയ്യുന്നതാണ്. കോർ ടീം പരിശോധനയുടേയും പരിശോധനാ ടീമിന്റെ വിലയിരുത്തിലിന്റെയും അടിസ്ഥാനത്തിലായിരിക്കും മാർക്ക് നൽകുക.

## 4. മുൻഗണനാലിസ്റ്റ് തയ്യാറാക്കുന്നതിന് പരിഗണിക്കുന്ന മാനദണ്ഡങ്ങളും മാർക്കും

| ക്രമ നമ്പർ | ഇനം | പരമാവധി മാർക്ക് |
|---|---|---|
| 1 | വികസന ഫണ്ട് വകയിരുത്തൽ | 10 |
| 2 | നോൺറോഡ് മെയ്ന്റനൻസ് ഫണ്ട് വകയിരുത്തൽ | 5 |
| 3 | തനത് ഫണ്ട് വകയിരുത്തൽ | 5 |
| 4 | വകയിരുത്തിയ ഫണ്ടിന്റെ വിനിയോഗം | 20 |
| 5 | പ്രതിരോധ കുത്തിവയ്പ്പ് | 5 |
| 6.1 | പകർച്ച വ്യാധി നിയന്ത്രണ പ്രവർത്തനങ്ങൾ* | – |
| 6.2 | ഡങ്കിപ്പനി, എലിപ്പനി, മലേറിയ, മഞ്ഞപ്പിത്തം, ക്ഷയം എന്നീ പകർച്ച വ്യാധികളുടെനിയന്ത്രണം | 10 |
| 6.3 | ക്ഷയരോഗ നിയന്ത്രണം് | 1 |
| 7 | പകർച്ചേതരവ്യാധി നിയന്ത്രണം | 4 |
| 8 | ആരോഗ്യ സ്ഥാപനങ്ങളുടെ അവസ്ഥ* | – |
| 9 | HMC പ്രവർത്തനം* | – |
| 10 | WHSNC പ്രവർത്തനം* | – |
| 11 | ആരോഗ്യവർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം* | – |
| 12 | അനുബന്ധമേഖലകളിലെ പദ്ധതി പ്രവർത്തനങ്ങൾ | 3.5 |
| 13 | അനുബന്ധമേഖലകളിലെ മറ്റ് പ്രവർത്തനങ്ങൾ* | – |
| 14 | പുകയില ഉല്പന്ന ഉപയോഗ നിയന്ത്രണം* | – |
| 15 | സവിശേഷ /നൂതന / പ്രത്യേക പ്രവർത്തങ്ങൾ * | – |
| | **ആകെ** | **63.5** |

*****_പരിശോധനാ ടീമിന്റെ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ 3-ാം ഘട്ടത്തിലാണ് ഈ ഇനങ്ങൾക്ക് മാർക്ക് നൽകുക._

മേൽപ്പറഞ്ഞ മാനദണ്ഡങ്ങളുടേയും മാർക്കുകളുടേയും അടിസ്ഥാനത്തിൽ ബ്ലോക്ക്-ജില്ലാപഞ്ചായത്തുകളുടേയും മുനിസിപ്പാലിറ്റികളുടേയും മുനിസിപ്പൽ കോർപ്പറേഷനു കളുടേയും സംസ്ഥാനതല മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുന്നതാണ്.

## ഘട്ടം 3 ഫീൽഡ് പരിശോധന

മുൻഗണനാലിസ്റ്റ് തയ്യാറാക്കി കഴിഞ്ഞാൽ ഗ്രാമപഞ്ചായത്ത് ഒഴികെയുള്ള ഓരോ വിഭാഗത്തിലേയും മികച്ച തദ്ദേശഭരണസ്ഥാപനങ്ങളെ കണ്ടെത്തുന്നതിനായി ഫീൽഡ് പരിശോധന നടത്തുന്നതാണ്. മുൻഗണനാലിസ്റ്റ് പ്രകാരം ഓരോ വിഭാഗത്തിലും ഏറ്റവും കൂടുതൽ മാർക്ക് നേടിയ തദ്ദേശഭരണ സ്ഥാപനങ്ങളിലാണ് ഫീൽഡ് പരിശോധന നടത്തുന്നത്. ഫീൽഡ് പരിശോധന നടത്തുന്ന തദ്ദേശഭരണ സ്ഥാപനങ്ങളുടെ എണ്ണം ചുവടെ കൊടുത്ത പ്രകാരമായിരിക്കുന്നതാണ്.

| ക്രമ നമ്പർ | തലം | തദ്ദേശഭരണ സ്ഥാപനം | എണ്ണം |
|---|---|---|---|
| 1 | സംസ്ഥാനതലം | ബ്ലോക്ക് പഞ്ചായത്ത് | 6 |
| | | ജില്ലാ പഞ്ചായത്ത് | 6 |
| | | മുനിസിപ്പാലിറ്റി | 6 |
| | | കോർപ്പറേഷൻ | 5 |

## 5. സംസ്ഥാനതല ഫീൽഡ് പരിശോധനാ ടീമുകൾ

ആരോഗ്യവകുപ്പിലേയും തദ്ദേശസ്വയംഭരണ വകുപ്പിലേയും സംസ്ഥാനതല ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിക്കൊണ്ട് സംസ്ഥാനതലത്തിൽ 4 ഫീൽഡ്പരിശോധനാ ടീമുകളെ (ഓരോ വിഭാഗത്തിനും ഓരോ ടീം വീതം) ജഡ്ജിംഗ് കമ്മറ്റി നിയമിക്കുന്നതാണ്.

## 6. പരിശോധനാടീമിന്റെ ചുമതലകൾ

ഓരോ പരിശോധനാ ടീമും പരിശോധന നടത്തേണ്ടതായ തദ്ദേശഭരണ സ്ഥാപനങ്ങൾ സന്ദർശിച്ച് താഴെ പറയുന്ന ചുമതലകൾ നിർവ്വഹിക്കുന്നതാണ്.

- തദ്ദേശ ഭരണ സ്ഥാപനത്തിലെ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ മറ്റ് പ്രവർത്തകർ എന്നിവരുമായി ചർച്ച നടത്തുക
- ആരോഗ്യ സ്ഥാപനം/ സ്ഥാപനങ്ങൾ സന്ദർശിച്ച് വിലയിരുത്തൽ നടത്തുക
- നിർദ്ദേശിച്ച പ്രകാരമുള്ള രേഖകൾ പരിശോധിച്ച് വിലയിരുത്തൽ നടത്തുക
- തദ്ദേശഭരണ സ്ഥാപനത്തിന്റെ ആരോഗ്യ മേഖലയിലേയും ആരോഗ്യ അനുബന്ധ മേഖല യിലേയും പദ്ധതി – പദ്ധതിയേതര പ്രവർത്തനങ്ങൾ നേരിൽ കണ്ടും നേരിൽ ചോദിച്ച റിഞ്ഞും വിലയിരുത്തൽ നടത്തുക
- നിർദ്ദേശിച്ച പ്രകാരം വിലയിരുത്തൽ റിപ്പോർട്ട് നിശ്ചിത ഫോർമാറ്റിൽ തയ്യാറാക്കി സംസ്ഥാനതല ജഡ്ജിംഗ് കമ്മിറ്റിക്ക് നിശ്ചിത സമയ പരിധിക്കകം സമർപ്പിക്കുക

## 7. ഫീൽഡ് പരിശോധനാ ടീം വിലയിരുത്തൽ നടത്തേണ്ടവയും മാർക്കും

ഫീൽഡ് പരിശോധനാ ടീം വിലയിരുത്തൽ നടത്തേണ്ട ഇനങ്ങളും അവയ്ക്ക് മുൻകൂട്ടി നിശ്ചയിച്ച മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ നൽകാവുന്ന പരമാവധി മാർക്കുകളും ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഇനം | നൽകാവുന്ന പരമാവധി മാർക്ക് |
|---|---|---|
| 1 | ആരോഗ്യമേഖലയിലെ പ്രോജക്ടുകൾ – ആവശ്യകത, പ്രായോഗികത, ഫലപ്രാപ്തി* | – |
| 2 | വകുപ്പ്തല പരിപാടികൾ– കാര്യക്ഷമത ഫലപ്രാപ്തി* | – |
| 3 | പകർച്ചവ്യാധി  നിയന്ത്രണ പ്രവർത്തനങ്ങൾ | 4 |
| 4 | ആരോഗ്യസ്ഥാപനങ്ങളുടെ അവസ്ഥ | 5 |
| 5 | എച്ച്.എം.സി. പ്രവർത്തനം | 2 |
| 6 | ഡബ്ല്യൂ. എച്ച്.എസ്. എൻ.സി. പ്രവർത്തനം | 5 |
| 7 | ആരോഗ്യവർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം | 1 |
| 8 | അനുബന്ധ മേഖലകളിലെ പദ്ധതി പ്രവർത്തനങ്ങൾ | 10.5 |
| 9 | അനുബന്ധ മേഖലകളിലെ മറ്റ് പ്രവർത്തനങ്ങൾ | 5 |
| 10 | പുകയില ഉൽപന്ന ഉപയോഗ നിയന്ത്രണം | 2 |
| 11 | സവിശേഷ / നൂതന/പ്രത്യേക പ്രവർത്തനങ്ങൾ | 2 |
| | **ആകെ** | **36.5** |

* *ജഡ്ജിംഗ് കമ്മിറ്റിയുടെ വിലയിരുത്തലിനുവേണ്ടി മാത്രം*

- *ഫീൽഡ് പരിശോധന ടീമുകൾക്ക് ആവശ്യമായ മാർഗനിർദ്ദേശങ്ങളും വിലയിരുത്തൽ ഫോറങ്ങളും പ്രത്യേകം തയ്യാറാക്കുന്നതും അതു സംബന്ധിച്ച വിശദീകരണം ടീം അംഗങ്ങൾക്ക് നൽകുന്നതുമാണ്.*

**<u>ഘട്ടം 4– മികച്ച തദ്ദേശഭരണ സ്ഥാപനങ്ങളുടെ കരട് ലിസ്റ്റ് തയ്യാറാക്കൽ</u>**

മുൻഗണനാലിസ്റ്റ് പ്രകാരവും ഫീൽഡ് പരിശോധനയിലൂടെ പരിശോധനാ ടീം തയ്യാറാക്കിയ വിലയിരുത്തൽ റിപ്പോർട്ടുകൾ പ്രകാരവും, ഫീൽഡ് പരിശോധന നടന്ന ഓരോ തദ്ദേശഭരണ സ്ഥാപനത്തിന്റെയും മാർക്കുകൾ കണക്കാക്കി ഓരോ വിഭാഗത്തിലേയും മികച്ച തദ്ദേശഭരണ സ്ഥാപനങ്ങളുടെ കരട് ലിസ്റ്റ് എൻ. എച്ച്. എം. സാമൂഹ്യവിഭാഗത്തിന്റെ  നേതൃത്വത്തിലുള്ള കോർ ടീം തയ്യാറാക്കുന്നതാണ്.

## 8. പുരസ്കാരത്തിനായി ഗ്രാമപഞ്ചായത്തുകളെ തിരഞ്ഞെടുക്കുന്ന രീതി

ഏഴ് ഘട്ടങ്ങളായി നടത്തുന്ന വിലയിരുത്തലിലൂടെയാണ് ഗ്രാമപഞ്ചായത്തുകൾക്കുള്ള സംസ്ഥാന തല –ജില്ലാതല പുരസ്കാരങ്ങൾ നിർണ്ണയിക്കുന്നത്.

**<u>ഘട്ടം 1. ജില്ലാതല പ്രാഥമിക മുൻഗണനാ പട്ടിക തയ്യാറാക്കൽ</u>**

പ്രാഥമിക മുൻഗണനാപട്ടിക തയ്യാറാക്കുന്നതിന് മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ബാധകമായിട്ടുള്ള പേജ് 3 ലും 4 ലും പറഞ്ഞിട്ടുള്ള ഘട്ടം 1ലെ അതേ മാനദണ്ഡങ്ങളും നിബന്ധനകളും ഗ്രാമ പഞ്ചായത്തുകളുടെ മുൻഗണനാപട്ടിക തയ്യാറാക്കുന്നതിനും ബാധകമായിരിക്കുന്നതാണ്.

**പ്രാഥമിക മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തേണ്ട ഗ്രാമപഞ്ചായത്തുകളുടെ എണ്ണം**

- ഒരു ജില്ലയിൽ കുറഞ്ഞത് 8 കൂടിയത് 12 *(ജില്ലയിലെ ആകെ ഗ്രാമപഞ്ചായത്തുകളുടെ 15 ശതമാനം എന്ന പരിധിക്ക് വിധേയമായിട്ടായിരിക്കും 8 ൽ കൂടുതൽ എണ്ണം നിശ്ചയിക്കുക.)*

*കുറിപ്പ്: വകയിരുത്തലിന്റെയും വിനിയോഗത്തിന്റെയും സംസ്ഥാനതല ശരാശരിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന സംസ്ഥാനതല മുൻഗണനാ ലിസ്റ്റിനെ അടിസ്ഥാനമാക്കിയായിരിക്കും ജില്ലാതല പ്രാഥമിക മുൻഗണനാലിസ്റ്റ് തയ്യാറാക്കുക.*

## ഘട്ടം–2 മികച്ച ഗ്രാമപഞ്ചായത്തുകളുടെ ജില്ലാതല മുൻഗണനാപട്ടിക തയ്യാറാക്കൽ

- മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ മുൻഗണനാപട്ടിക തയ്യാറാക്കുന്നതിന് ഘട്ടം 2 ൽ (4 മുതൽ 13 വരെയുള്ള പേജുകളിൽ പറഞ്ഞിട്ടുള്ള പ്രകാരം) പറഞ്ഞ അതേ മാനദണ്ഡങ്ങളും നിബന്ധനകളും ഗ്രാമപഞ്ചായത്തുകളുടെ മുൻഗണനാപട്ടിക തയ്യാറാക്കുന്നതിനും ബാധകമായിരിക്കുന്നതാണ്. പ്രസ്തുത മാനദണ്ഡങ്ങൾ പ്രകാരമുള്ള മാർക്കുകളുടെ അടിസ്ഥാനത്തിൽ ഓരോ ജില്ലയിലേയും മുൻഗണനാപട്ടിക തയ്യാറാക്കുന്നതാണ്.

▪ ഓരോ ജില്ലയിലേയും മുൻഗണനാപട്ടികയിൽ ഉൾപ്പെട്ട മുഴുവൻ ഗ്രാമപഞ്ചായത്തുകളിൽനിന്നും വിവരങ്ങൾ ശേഖരിക്കുന്നതിനുവേണ്ടിയുള്ള ഫോറം Sulekha Software ൽ ലഭ്യമാക്കുന്നതാണ്. അതത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ login ഉപയോഗിച്ച് Sulekha Software (വെബ് സൈറ്റ്: www.plan.lsgkerala.gov.in) ലെ 'nhm award' menu മുഖേന 2015 ജൂലൈ 2 നകം വിവരങ്ങൾ പ്രസ്തുത ഫോറത്തിൽ സമർപ്പിക്കേണ്ടതാണ്. (ജൂൺ 23 മുതൽ വിവരങ്ങൾ സമർപ്പിക്കാൻ കഴിയുന്നതാണ്.)

▪ നിശ്ചിത സമയത്തിനകം വിവരങ്ങൾ സമർപ്പിക്കുന്ന ഗ്രാമപഞ്ചായത്തുകളെ മാത്രമേ പുരസ്കാരത്തിനായി തുടർന്നുള്ള ഘട്ടങ്ങളിൽ പരിഗണിക്കുകയുള്ളൂ.

## ഘട്ടം –3 ഫീൽഡ് പരിശോധന

- ഘട്ടം 2 പ്രകാരം മുൻഗണനാ പട്ടിക തയ്യാറാക്കിക്കഴിഞ്ഞാൽ ഓരോ ജില്ലയിലേയും മുൻഗണനാപട്ടികയിൽ ഉൾപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ ഏറ്റവും മുൻപന്തിയിൽ നിൽകുന്ന 6 ഗ്രാമപഞ്ചായത്തുകളിൽ ഫീൽഡ് പരിശോധന നടത്തുന്നതാണ്.

- ഓരോ ജില്ലയിലേയും 6 വീതം ഗ്രാമപഞ്ചായത്തുകളിൽ ഫീൽഡ് പരിശോധന നടത്തുന്നതിനായി ഓരോ ജില്ലക്കുവേണ്ടിയും ജില്ലാതല ഫീൽഡ് പരിശോധനാ ടീമിനെ ജഡ്ജിഗ് കമ്മിറ്റി നിയമിക്കുന്നതാണ്.
- ജില്ലാ മെഡിക്കൽ ഓഫീസർ, എൻ എച്ച് എം ജില്ലാ പ്രോഗ്രാം മാനേജർ, ശുചിത്വമിഷൻ ജില്ലാ കോ ഓർഡിനേറ്റർ, , തദ്ദേശ സ്വയംഭരണ വകുപ്പിലെ ജില്ലാതല ഉദ്യോഗസ്ഥർ, ആരോഗ്യ വകുപ്പിലെ മറ്റ് ജില്ലാതല ഉദ്യോഗസ്ഥർ എന്നിവർ ഉൾപ്പെടുന്നതായിരിക്കും ജില്ലാതല ഫീൽഡ് പരിശോധനാടീം.
- ഓരോ ജില്ലയിലും രൂപീകരിക്കപ്പെടുന്ന പരിശോധന ടീം, ഫീൽഡ് പരിശോധന നടത്തേണ്ട ജില്ല ഏതാണെന്ന് ജഡ്ജിഗ് കമ്മിറ്റി നിശ്ചയിക്കുന്നതാണ് (ഒരു ജില്ലയിലെ ടീം ആ ജില്ലയിൽ ഫീൽഡ് പരിശോധന നടത്താത്തവിധമായിരിക്കും ചുമതല നിശ്ചയിക്കുക).
- പിരിശോധനാ ടീമിന്റെ ചുമതലകൾ, പരിശോധനാ ടീം വിലയിരുത്തൽ നടത്തേണ്ട ഇനങ്ങൾ, രീതി മുതലായവ മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ സംഗതിയിൽ ഘട്ടം 3 ൽ (പേജ് 15 ൽ )പറഞ്ഞ പ്രകാരമായിരിക്കുന്നതാണ്.

## ഘട്ടം –4 മികച്ച ഗ്രാമപഞ്ചായത്തുകളുടെ ജില്ലാതല കരട് ലിസ്റ്റ് തയ്യാറാക്കൽ

ജില്ലാതലമുൻഗണനാലിസ്റ്റ് പ്രകാരവും ഫീൽഡ് പരിശോധനയിലൂടെ പരിശോധനാ ടീം തയ്യാറാക്കിയ വിലയിരുത്തൽ റിപ്പോർട്ടുകൾ പ്രകാരവും, ഫീൽഡ് പരിശോധന നടന്ന ഓരോ *ഗ്രാമ പഞ്ചായത്തിന്റെയും മാർക്കുകൾ കണക്കാക്കി ഓരോ ജില്ലയിലേയും* മികച്ച ഗ്രാമപഞ്ചായത്തുകളുടെ ജില്ലാതല കരട് ലിസ്റ്റ് എൻ. എച്ച്. എം. സാമൂഹ്യവിഭാഗത്തിന്റെ നേതൃത്വത്തിലുള്ള കോർ ടീം തയ്യാറാക്കുന്നതാണ്.

## ഘട്ടം – 5 മികച്ച ഗ്രാമപഞ്ചായത്തുകളുടെ സംസ്ഥാനതല മുൻഗണനാലിസ്റ്റ് തയ്യാറാക്കൽ

14 ജില്ലകളിലും 6 വീതം മികച്ച ഗ്രാമപഞ്ചായത്തുകളുടെ ജില്ലാതല കരട് ലിസ്റ്റ് ( 84 ഗ്രാമപഞ്ചായത്തുകളുടെ) തയ്യാറാക്കി കഴിഞ്ഞാൽ 84 ഗ്രാമപഞ്ചായത്തുകളിൽ ഏറ്റവും കുടുതൽ മാർക്ക് ലഭിച്ച 6 ഗ്രാമപഞ്ചായത്തുകളുടെ സംസ്ഥാനതല മുൻഗണനാലിസ്റ്റ് തയ്യാറാക്കുന്നതാണ്.

## ഘട്ടം – 6 ഗ്രാമപഞ്ചായത്തുകൾക്കുള്ള സംസ്ഥാനതല പുരസ്കാരത്തിനായുള്ള ഫീൽഡ് പരിശോധന

- സംസ്ഥാനതല പുരസ്കാരത്തിനായി ഗ്രാമപഞ്ചായത്തുകളെ തിരഞ്ഞെടുക്കുന്നതിനായി സംസ്ഥാനതല മുൻഗണനാലിസ്റ്റിൽ ഉൾപ്പെട്ട 6 ഗ്രാമപഞ്ചായത്തുകളിൽ സംസ്ഥാനതല ഫീൽഡ് പരിശോധനാടീം ഫീൽഡ് പരിശോധന നടത്തുന്നതാണ്. ഇതിനായി ഒരു സംസ്ഥാന തല ഫീൽഡ് പരിശോധനാ ടീമിനെ ജഡ്ജിംഗ് കമ്മിറ്റി നിയമിക്കുന്നതാണ്.
- പിരിശോധനാ ടീമിന്റെ ചുമതലകൾ, പരിശോധനാ ടീം വിലയിരുത്തൽ നടത്തേണ്ട ഇനങ്ങൾ, രീതി മുതലായവ മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ സംഗതിയിൽ ഘട്ടം 3 ൽ (പേജ് 15 ൽ )പറഞ്ഞ പ്രകാരമായിരിക്കുന്നതാണ്.

## <u>ഘട്ടം –7 മികച്ച ഗ്രാമപഞ്ചായത്തുകളുടെ സംസ്ഥാനതല കരട് ലിസ്റ്റ് തയ്യാറാക്കൽ</u>

സംസ്ഥാനതല മുൻഗണനാലിസ്റ്റ് പ്രകാരവും ഫീൽഡ് പരിശോധനയിലൂടെ സംസ്ഥാനതല ഫീൽഡ് പരിശോധനാ ടീം തയ്യാറാക്കിയ വിലയിരുത്തൽ റിപ്പോർട്ടുകൾ പ്രകാരവും, സംസ്ഥാന തല ഫീൽഡ് പരിശോധന നടന്ന ഓരോ ഗ്രാമ പഞ്ചായത്തിന്റെയും മാർക്കുകൾ കണക്കാക്കി മികച്ച ഗ്രാമപഞ്ചായത്തുകളുടെ സംസ്ഥാനതല കരട് ലിസ്റ്റ് എൻ. എച്ച്. എം. സാമൂഹ്യവിഭാഗത്തിന്റെ നേതൃത്വത്തിലുള്ള കോർ ടീം തയ്യാറാക്കുന്നതാണ്.

***കുറിപ്പ്: മികച്ച ഗ്രാമപഞ്ചായത്തുകളുടെ സംസ്ഥാനതല കരട് ലിസ്റ്റിൽനിന്നായിരിക്കും സംസ്ഥാനതല പുരസ്കാരത്തിനായി ഗ്രാമപഞ്ചായത്തുകളെ തിരഞ്ഞെടുക്കുക. സംസ്ഥാനതല പുരസ്കാരത്തിന് തിരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്തുകളെ അവരുടെ ജില്ലാതല ലിസ്റ്റിൽ നിന്ന് ഒഴിവാക്കിയ ശേഷമായിരിക്കും ജില്ലയിലെ പുരസ്കാര സ്ഥാനങ്ങൾ നിർണയിക്കുക.***

## 9. <u>പുരസ്കാര നിർണയം</u>

പുരസ്കാരം നിർണിയിക്കുന്നതിനായി സംസ്ഥാനതല ജഡ്ജിംഗ് കമ്മിറ്റിയെ നിയമിക്കുന്നതാണ്. പ്രസ്തുത കമ്മിറ്റിയുടെ നേതൃത്വത്തിലും മേൽ നോട്ടത്തിലുമായിരിക്കും ഇതുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും നടത്തുന്നത്. ജഡ്ജിംഗ് കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടായിരിക്കണം പരിശോധനാ ടീമുകളും കോർ ടീമും പ്രവർത്തിക്കേണ്ടത്. മികച്ച തദ്ദേശഭരണ സ്ഥാപനങ്ങളുടെ കരട് ലിസ്റ്റ് കോർ ടീം തയ്യാറാക്കിക്കഴിഞ്ഞാൽ ജഡ്ജിംഗ് കമ്മിറ്റി താഴെപറയുന്ന കാര്യങ്ങൾ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

- ഈ മാർഗ്ഗരേഖ പ്രകാരമുള്ള നടപടിക്രമങ്ങളും മാനദണ്ഡങ്ങളും ഓരോ ഘട്ടത്തിലും പാലിച്ചിട്ടുണ്ട്.
- നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരമുള്ള മാർക്കുകൾ നൽകിയാണ് ഓരോ ഘട്ടത്തിലും മുൻഗണനാലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്
- പരിശോധനാ ടീമുകൾ ഫലപ്രദമായ രീതിയിൽ ഫീൽഡ് സന്ദർശനം നടത്തി തദ്ദേശഭരണ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ നേരിൽകണ്ടും ബന്ധപ്പെട്ടവരുമായി ചർച്ച ചെയതും ആവശ്യമായ രേഖകൾ പരിശോധിച്ചും കുറ്റമറ്റ രീതിയിലുള്ള വിലയിരുത്തൽ റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്.
- നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ച് തന്നെയാണ് ഫീൽഡ് വിസിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മികച്ച തദ്ദേശഭരണസ്ഥാപനങ്ങളുടെ കരട് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്

മേൽപ്പറഞ്ഞ കാര്യങ്ങൾ ഉറപ്പുവരുത്തിയും തദ്ദേശഭരണസ്ഥാപനങ്ങളുടെ ആരോഗ്യമേഖലയിലെ മൊത്തം പ്രവർത്തനങ്ങളുടെ ഗുണമേൻമ വിലയിരുത്തിയും പുരസ്കാരത്തിനായി മികച്ച തദ്ദേശഭരണസ്ഥാപനങ്ങളെ ജഡ്ജിംഗ്കമ്മിറ്റി തിരഞ്ഞെടുക്കുന്നതാണ്.

## 10. <u>സമയക്രമം</u>

പുരസ്കാര നിർണയത്തിനായി നടത്തേണ്ടതായ പ്രവർത്തനങ്ങളുടെ സമയക്രമം ചുവടെ കൊടുത്ത പ്രകാരമായിരിക്കുന്നതാണ്.

| ക്രമ നമ്പർ | പ്രവർത്തനം | സമയം |
|---|---|---|
| 1 | പ്രാഥമിക മുൻഗണനാപട്ടിക തയ്യാറാക്കുന്നതിനുള്ള ശില്പശാല | 2015 ജൂൺ 16 –17 |
| 2 | പ്രാഥമിക മുൻഗണനാപട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥാപന ങ്ങൾക്ക് വിവരശേഖരണത്തിനായിട്ടുള്ള അിറയിപ്പ്. | 2015 ജൂൺ 19 |
| 3 | IKM, MCTS , IDSP, TB cell, NCD cell തുടങ്ങിയവയിൽ നിന്ന് സ്ഥിതിവിവരകണക്കുകൾ ശേഖരിക്കൽ | 2015 ജൂൺ 22 |
| 4 | ഫീൽഡ് ഇൻസ്പെക്ഷൻ ടീം രൂപീകരണം | 2015 ജൂൺ 25 |
| 5 | തദ്ദേശഭരണസ്ഥാപനങ്ങൾ വിവരശേഖരണ ഫോറങ്ങൾ സം സ്ഥാന ഓ ഫീ സി□ ഓൺ ലൈൻ ആയി (സു ലേഖ സോഫ്റ്റ് വെയർ വഴി) സ മർ പ്പിക്കേ□ അ വസാ ന തീ യതി, സമയം | 2015 ജൂലൈ 2 , 12.00 midnight |
| 6 | മുൻഗണനാലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള ശില്പശാല | 2015 ജൂലൈ 5 , 6 |
| 7 | ഫീൽഡ് ഇൻസ്പെക്ഷൻ ടീമിനുള്ള ഓറിയന്റേഷൻ ശില്പ ശാല | 2015 ജൂലൈ 9 |
| 8 | പരിശോധനാ ടീമുകളുടെ ഫീൽഡ് സന്ദർശനം | 2015 ജൂലൈ 13 – 20 |
| 9 | പരിശോധനാ ടീമിന്റെ റിപ്പോർട്ട് സമർപ്പണം. | 2015 ജൂലൈ 23 |
| 10 | മികച്ചഗ്രാമപഞ്ചായത്തുകളുടെ ജില്ലാതല കരട് ലിസ്റ്റ്, മികച്ച മററ് തദ്ദേശഭരണസ്ഥാപനങ്ങളുടെ സംസ്ഥാനതല കരട് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള ശില്പശാല | 2015 ജൂലൈ 25 –26 |
| 11 | ഗ്രാമപഞ്ചായത്തുകളുടെ സംസ്ഥാനതല പുരസ്കാരത്തിനാ യുള്ള ഫീൽഡ് സന്ദർശനം | 2015 ജൂലൈ 27 –31 |
| 12 | പരിശോധനാ ടീമിന്റെ സംസ്ഥാനതല ഫീൽഡ് സന്ദർശന റിപ്പോർട്ട് സമർപ്പണം. | 2015 ആഗസ്റ്റ് 3 |
| 14 | ഗ്രാമപഞ്ചായത്തുകളുടെ സംസ്ഥാനതല കരട്ലിസ്റ്റ് തയ്യാറാ ക്കുന്നതിനുള്ള ശില്പശാല | 2015 ആഗസ്റ്റ് 4 |
| 15 | പുരസ്കാര നിർണയം (ജഡ്ജിംഗ് കമ്മറ്റി) | 2015 ആഗസ്റ്റ് 5 |
| 16 | പുരസ്കാര വിതരണം. | 2015 ആഗസ്റ്റ് 11 – 13 |

Sd/-

**ഡോ. എൻ ശ്രീധർ**

**ആരോഗ്യ വകുപ്പ് ഡയറക്ടർ**

Sd/-

**മിൻഹാജ് ആലം IAS**

**സ്റ്റേറ്റ് മിഷൻ ഡയറക്ടർ**